**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2267** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുരുവായൂർ പോലീസ് സ്റ്റേഷൻ മുമ്പ് പ്രവർത്തിച്ചിരുന്ന വാടക കെട്ടിടത്തിൽ നിന്നും കെട്ടിട ഉടമ കോടതിയെ സമീപിച്ച് ഒഴിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ഗുരുവായൂർ പോലീസ് സ്റ്റേഷൻ മുമ്പ് പ്രവർത്തിച്ചിരുന്ന വാടക കെട്ടിടത്തിന്റെ ഉടമ കെട്ടിടം ഒഴിഞ്ഞു നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ നൽകിയ പരാതി സർക്കാർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിൽ നിന്നും മാറി ഇരിങ്ങപ്പുറം വില്ലേജിലെ ചൂൽപ്പുറം എന്ന സ്ഥലത്ത് സർവ്വേ നമ്പർ 141/5-1 പ്രകാരമുള്ള മറ്റൊരു വാടക കെട്ടിടത്തിൽ ഗുരുവായൂർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.** |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത് തീരെ സൗകര്യങ്ങൾ ഇല്ലാത്ത മറ്റൊരു വാടക കെട്ടിടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | പ്രസ്തുത പോലീസ് സ്റ്റേഷന് വേണ്ടി കണ്ടാണശ്ശേരി പഞ്ചായത്തിലെ മറ്റം എന്ന സ്ഥലത്ത് കണ്ടെത്തിയ ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | **ചൂൽപ്പുറത്തെ താൽക്കാലിക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി മറ്റം എന്ന സ്ഥലത്തുള്ള ആളൂർ വില്ലേജ് സർവ്വേ നമ്പർ 240/1 ൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ടി സ്ഥലം മറ്റം സെന്റ് തോമസ് ഫെറോന പള്ളിയുടെ കീഴിലുള്ള സ്കൂളിന്റെ കളിസ്ഥലമാണെന്നും ആയതിനാൽ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പ്രസ്തുത സ്ഥലം വിട്ടു കൊടുക്കരുതെന്നും ആവശ്യപ്പെട്ട് മറ്റം സെന്റ് ഫ്രാൻസിസ് റീഡിങ്ങ് അസോസിയേഷനും, മറ്റം സെന്റ് തോമസ് ഫെറോന ചർച്ചും യഥാക്രമം 42459/2018 , 77/2019 ആയി സമർപ്പിച്ച റിട്ട് പെറ്റീഷനുകൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ